18566
29/12/15

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **ആലപ്പുഴ ജില്ല** - വാഹനാപകടത്തിൽ മരണമടഞ്ഞ ചേർത്തല, പട്ടണക്കാട് പഞ്ചായത്തിൽ ജോൺസൺ, സുബിൻ എന്നിവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം: **691/15**/റവ. തിരുവനന്തപുരം, തീയതി, **23/12/2015**

---

**<u>ഉത്തരവ്</u>**

വാഹനാപകടത്തിൽ മരണമടഞ്ഞ ആലപ്പുഴ ജില്ല ചേർത്തല, പട്ടണക്കാട് പഞ്ചായത്തിൽ അന്ധാകാരനാഴിയിൽ 17-ാം വാർഡിൽ കാട്ടുങ്കതൈയ്യിൽ ജോൺസൺ 19-ാം വാർഡിൽ കളത്തിൽ സുബിൻ എന്നിവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/ രൂപാ വീതം (മൂന്ന് ലക്ഷം രൂപാ വീതം മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന 6,00,000/ രൂപ (ആറ് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **<u>ആലപ്പുഴ ജില്ലാ കളക്ടർക്ക്</u>** അനുവദിക്കുന്ന മുറയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്ത് വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വിശ്വാസ് മേത്ത**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ജില്ലാ കളക്ടർ, ആലപ്പുഴ.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: പൊതുഭരണ (എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.